II തിരുത്തിയ ഉത്തരം

27-6-2007-ലെ നക്ഷത്രചിഹ്നമിടാത്ത 1100-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

മി. സ്പീക്കർ : 12-ാം കേരളനിയമസഭയുടെ 5-ാം സമ്മേളനത്തിൽ 27-6-2007-ലെ നക്ഷത്രചിഹ്നമിടാത്ത 1100-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ബഹുമാനപ്പെട്ട വനവും ഭവനനിർമ്മാണവും വകുപ്പ്മന്ത്രിക്ക് സമർപ്പിക്കാവുന്നതാണ്.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) : സർ, 12-ാം കേരള നിയമസഭയുടെ 5-ാം സമ്മേളനത്തിൽ 27-6-2007-ലെ നക്ഷത്രചിഹ്നമിടാത്ത 1100-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു. †

മി. സ്പീക്കർ : ഓർഡർ.....ഓർഡർ..... ബഹുമാനപ്പെട്ട എം. മുരളി ഉൾപ്പെടെയുള്ള അംഗങ്ങൾ റൂൾ 50 അനുസരിച്ച് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്. എയ്ഡഡ് സ്ക്കൂളുകളിലും കോളേജുകളിലും ആവശ്യത്തിന് അദ്ധ്യാപകരില്ലാത്തതിനാൽ ഈ മേഖലയിലുണ്ടായിട്ടുള്ള സ്തംഭനാവസ്ഥയെ സംബന്ധിച്ചാണ്. ഇത് സംബന്ധിച്ച് ശ്രീ. മുരളി തന്നെ നേരത്തെ ഒരു സബ്മിഷൻ സമർപ്പിച്ചിരുന്നു. അതുകൊണ്ടുതന്നെ ഈ വിഷയം ഫസ്റ്റ് സബ്മിഷനായി അനുവദിക്കുന്നതാണ്.

III ശ്രദ്ധക്ഷണിക്കൽ

(1) അനധികൃത പണമിടപാട് സ്ഥാപനങ്ങളുടെ പ്രവർത്തനം

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, വളരെ ഗുരുതരമായ സ്ഥിതി വിശേഷം, നമ്മുടെ സംസ്ഥാനത്ത് ഉണ്ടാക്കുന്ന ഒരു പ്രശ്നത്തെപ്പറ്റിയാണ് ഞാൻ ഇവിടെ സഭയുടെ ശ്രദ്ധക്ഷണിക്കുന്നത്. നമ്മുടെ സംസ്ഥാനത്തിനകത്തുനിന്നും പുറത്തുനിന്നുമുള്ള ചില കമ്പനികൾ മൈക്രോ ഫൈനാൻസ് രംഗത്തേക്ക് ഇറങ്ങുകയും അവർ നമ്മുടെ സാമൂഹിക സാംസ്ക്കാരിക സാമ്പത്തിക രാഷ്ട്രീയ മണ്ഡലങ്ങളിൽ വലിയ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്ന വിധത്തിലുള്ള സാമ്പത്തിക ഇടപാടുകളാണ് നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നത്. ആ ഇടപാടുകൾ ഗവൺമെന്റ് അറിഞ്ഞിട്ടുണ്ടോ ; അതല്ലെങ്കിൽ വ്യവസ്ഥാപിതമായി ഇതിനുള്ള അനുവാദം ഈ കമ്പനികൾ വാങ്ങിയിട്ടുണ്ടോ എന്നുള്ള കാര്യമാണ് പ്രത്യേകം പരിശോധിക്കേണ്ടത്. ഈ അടുത്തകാലത്ത് വളരെ പ്രശസ്തമായ രീതിയിൽ നടക്കുന്നു എന്ന് പറയപ്പെടുന്ന 'എസ്. കെ. എസ്. മൈക്രോ ഫൈനാൻസ്' എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന കമ്പനിയുടെ ഒരു പ്രൊഫൈൽ ഒരു മുഖ്യധാര പത്രത്തിൽ വന്നു. അത് മുഴുവൻ ഞാൻ വായിക്കുന്നില്ല. അതിന്റെ പ്രസക്തഭാഗം ഞാൻ വായിക്കാം - "എസ്. കെ. എസ്. കേരളത്തിൽ 1,20,000 വനിതകൾക്ക് വായ്പ

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

നൽകിയിട്ടുണ്ട്. എറണാകുളം, പത്തനംതിട്ട, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, ആലപ്പുഴ, കോട്ടയം ജില്ലകളിലായി 32 ശാഖകളുമായി പ്രവർത്തിക്കുന്ന എസ്. കെ. എസ്. 1,20,000 വനിതകൾക്ക് 199 കോടി രൂപയാണ് ഈടൊന്നുമില്ലാതെ വായ്പ നൽകുന്നത്." അങ്ങനെ വായ്പ നൽകുമ്പോൾ അവർ ഒരു പ്രതിജ്ഞാ പത്രത്തിൽ ഒപ്പിടുവിക്കുന്നുണ്ട്. ആ പ്രതിജ്ഞാ പത്രത്തിലുള്ള ഏറ്റവും വലിയ വ്യവസ്ഥ എന്താണെന്നുവച്ചാൽ ആഴ്ചയിൽ ഒരു ദിവസം വായ്പ വാങ്ങിയ വനിതകളുടെ യോഗം ഇവർ വിളിച്ചുകൂട്ടും. ആ സ്ഥാപനത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഇവിടെ വരും. അവർ എന്താണ് ഈ വനിതകളോട് സംവേദിക്കുന്നത്, സംസാരിക്കുന്നത് എന്നൊന്നും യാതൊരു പിടിയുമില്ല. മൈക്രോ ഫൈനാൻസു വഴി 10,000 രൂപയോ 12,000 രൂപയോ പലിശയ്ക്കുകടം കൊടുക്കുന്ന സ്ഥാപനങ്ങൾ ആഴ്ചയിൽ ഒരു ദിവസം കടം വാങ്ങിയ വനിതകളുടെ യോഗം വിളിച്ചുകൂട്ടുന്നതെന്തിനാണ്? അപ്പോൾ അതിലൊക്കെ എന്തെങ്കിലും ദുരുദ്ദേശമുണ്ടാകും. ആഴ്ചതോറുമുള്ള യോഗങ്ങളിൽ വീഴ്ച വരുത്താതെ ഞങ്ങൾ പങ്കെടുത്തുകൊള്ളാം, ലോൺ എടുത്ത തുകയുടെ തിരിച്ചടവ് ഞങ്ങൾ കൃത്യമായി നിർവ്വഹിച്ചുകൊള്ളാം എന്നിങ്ങനെ എഴുതിയിട്ടുള്ള ഒരു പ്രതിജ്ഞാ പത്രത്തിലും ഇവർ ഒപ്പ് ഇടുവിക്കുന്നുണ്ട്. വോട്ടർ ഐ. ഡി. കാർഡ് ഉൾപ്പെടെയുള്ള രേഖകളൊക്കെ വാങ്ങിച്ചു വയ്ക്കുന്നുണ്ട്. ഒരു കൊല്ലം കൊണ്ട് തിരിച്ചടവ് പൂർത്തിയാകുമെങ്കിലും അഞ്ച് വർഷത്തിനുശേഷമേ വോട്ടർ ഐ. ഡി. കാർഡ് ഉൾപ്പെടെയുള്ള രേഖകൾ കൊടുക്കുകയുള്ളൂ എന്നുള്ള വ്യവസ്ഥയാണുള്ളത്. ഇക്കാര്യത്തിൽ വളരെ ദുരൂഹതയുണ്ടെന്നുള്ളതാണ് ഒരു പ്രത്യേകത. മാത്രവുമല്ല, പല അഭിപ്രായ വ്യത്യാസങ്ങളുമുണ്ടെങ്കിലും കുടുംബശ്രീയാണ് നമ്മുടെ വനിതകളുടെ ശാക്തീകരണം. വനിതകളുടെ ശാക്തീകരണത്തിന്റെ ഒരു മുഖമുദ്രയായി കുടുംബശ്രീ മാറിക്കഴിഞ്ഞു. ആ കുടുംബശ്രീക്ക് ബദലായി ഏതെങ്കിലും ആളുകൾ ഏതെങ്കിലും ഒരു ബുദ്ധികേന്ദ്രം പ്രവർത്തിക്കുന്നതാണോ ഇത് എന്നുള്ള കാര്യം കൂടി നമ്മൾ കണക്കിലെടുക്കണം. ഏത് സ്ഥിതിവിശേഷത്തിലും അങ്ങനെ നമുക്ക് രാഷ്ട്രീയമായും സാമൂഹ്യമായും സാമ്പത്തികമായും സാംസ്ക്കാരികമായും കേരളത്തിന്റെ തനിമ നശിപ്പിക്കാനുള്ള ഈ പ്രവണത അനുവദിച്ചുകൂടാ എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതോടൊപ്പം തന്നെ ഇക്കാര്യത്തിൽ ഗവൺമെന്റ് ഏതെങ്കിലും രീതിയിൽ ഇതിനൊക്കെ അനുവാദം കൊടുത്തിട്ടുണ്ടോ; ഗവൺമെന്റിന് ഇത് അറിയാമോ എന്നുള്ള കാര്യവും കൂടി ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണം. അതുമാത്രമല്ല, മൈക്രോ ഫൈനാൻസിംഗിന് ഒരു നിയന്ത്രണം കൊണ്ടുവരാൻ ഗവൺമെന്റ് ശക്തമായ നടപടികളെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ചിട്ടുള്ളത്. എന്നാൽ ഈ നിയമവ്യവസ്ഥയിൽ റിസർവ്വ് ബാങ്കിനാണോ, സംസ്ഥാന സർക്കാരിനാണോ ഇങ്ങനെയുള്ള നോൺ ബാങ്കിംഗ് ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസിനെ നിയന്ത്രിക്കാൻ അധികാരമുണ്ടാകേണ്ടത് എന്നതുസംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

വ്യക്തത ഇല്ലാത്തതുമൂലം ഇത് സംബന്ധിച്ചുള്ള നിയമനിർമ്മാണംപോലും തടസ്സപ്പെട്ട് നിൽക്കുകയാണ്. ഇങ്ങനെയൊരു പശ്ചാത്തലം ഇക്കാര്യത്തിലുണ്ട്. ഇപ്പോൾ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കുന്നത് കമ്പനീസ് ആക്ട്, ചിട്ടി ആക്ട്, റിസർവ്വ് ബാങ്ക് ആക്ട്, മണി ലെൻഡേഴ്സ് നിയമം മുതലായ നിയമങ്ങൾ മുഖേനയാണ്. പ്രസ്തുത നിയമങ്ങളുടെ കീഴിൽ രജിസ്ട്രേഷൻ എടുക്കാതെയും ലൈസൻസ് ഇല്ലാതെയും പ്രവർത്തിക്കുന്ന സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുണ്ട്. മേൽ വിവരിച്ച എല്ലാ നിയമങ്ങളേയും സംബന്ധിച്ച് ആ നിയമപ്രകാരം ചുമതലപ്പെടുത്തിയ അധികാരി പോലീസാണ്. അതുകൊണ്ട് രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ ഇല്ലാത്ത സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കണ്ടെത്തി 'നിയമ വ്യവസ്ഥകളുടെ ലംഘനം' എന്നു പറഞ്ഞ് നടപടി സ്വീകരിക്കേണ്ടത് പോലീസാണ്. വാണിജ്യ നികുതി വകുപ്പിന്റെ അധികാരപരിധിയിൽ വരുന്ന 'കേരള മണി ലെൻഡേഴ്സ് ആക്ട്' 1958-ൽ പ്രതിപാദിച്ച പ്രകാരം പണമിടപാട് നടത്തുന്ന വ്യക്തി അഥവാ സ്ഥാപനം പ്രസ്തുത നിയമത്തിൻ കീഴിൽ ലൈസൻസ് എടുക്കേണ്ടതാണ്. പ്രസ്തുത നിയമത്തിന്റെ 17-ാം വകുപ്പുപ്രകാരം ലൈസൻസ് ഇല്ലാതെയോ ലൈസൻസിന്റെ നിബന്ധനയ്ക്ക് വിരുദ്ധമായോ പ്രവർത്തിക്കുകയാണെങ്കിൽ മൂന്ന് മാസം മുതൽ മൂന്ന് വർഷംവരെ തടവോ 50,000 രൂപ പിഴയോ കോടതികൾക്ക് ശിക്ഷ വിധിക്കാവുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഈ പ്രശ്നം ഉന്നയിച്ചതിന്റെ പശ്ചാത്തലത്തിൽ ഇത് സംബന്ധിച്ച് കർശനമായ ഒരു പരിശോധന നടത്തുന്നതിന് ഞാൻ വകുപ്പിനോട് ആവശ്യപ്പെടുന്നതാണ്. പക്ഷേ കേരള മണി ലെൻഡേഴ്സ് ആക്ട് 1958-ലെ 7(1) വകുപ്പ് പ്രകാരം ഒരു മണി ലെൻഡർ കമേഴ്സ്യൽ ബാങ്കിൽ ഈടാക്കുന്നതിൽനിന്നും 2 ശതമാനത്തിൽ കൂടുതൽ പലിശ ഈടാക്കാൻ പാടില്ല. പ്രസ്തുത വകുപ്പിലെ പ്രൊവിസോ പ്രകാരം കാലാകാലങ്ങളിൽ ഗവൺമെന്റ് വിജ്ഞാപന പ്രകാരം പലിശയുടെ നിരക്ക് തീരുമാനിക്കാവുന്നതാണ്. അങ്ങനെ സർക്കാരിൽ 12 ശതമാനമായി പലിശ നിജപ്പെടുത്തിയിരുന്നു. എന്നാൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 14-4-2007-ലെ വിധിപ്രകാരം ഈ വിജ്ഞാപനം ഭാഗീകമായി അസ്ഥിരപ്പെടുത്തുകയുണ്ടായി. പ്രസ്തുത വിധിപ്രകാരം ഇപ്പോൾ 12 ശതമാനം നിരക്ക് നിലവിലില്ല. എന്നാൽ ഈ നിരക്ക് കമേഴ്സ്യൽ ബാങ്ക് ഈടാക്കുന്നതിൽനിന്ന് 2 ശതമാനത്തിൽ കൂടുതൽ അധികരിക്കാൻപാടുള്ളതല്ല. ഈ വ്യവസ്ഥ ലംഘിച്ചാൽ പിഴയോ പ്രോസിക്യൂഷൻ നടപടിയോ സ്വീകരിക്കാവുന്നതാണ്. അങ്ങ് ചൂണ്ടിക്കാണിച്ചത് പുതിയൊരു പ്രവണതയാണ്. മൈക്രോ ഫൈനാൻസ് രംഗത്തേക്ക് സ്വകാര്യ ലെൻഡിംഗ് ഏജൻസീസ് വരികയാണ്. കേരളത്തിലെ മൈക്രോ ഫൈനാൻസ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ ഒരു സംവിധാനമായി വളർത്താൻവേണ്ടിയുള്ള പരിശ്രമമാണ് കുടുംബശ്രീ വഴി ചെയ്തുകൊണ്ടിരിക്കുന്നത്. എന്നാൽ അതിന് സമാന്തരമായി ഈ പറഞ്ഞ രീതിയിലുള്ള പല സംവിധാനങ്ങളും വരികയാണ്. ഇങ്ങനെ സമാന്തര സംവിധാനം വരുന്നതിന്റെ ദോഷം എന്താണെന്നുവച്ചാൽ ഇതെല്ലാം തകരുമെന്നുള്ളതാണ്. കാരണം ആഴ്ചതോറും യോഗം ചേരുകയും എടുത്ത

LIBRARY ARCHIVES Kerala Legislative Assembly

പണം തിരിച്ചടയ്ക്കുകയും ചെയ്യുന്ന ഒരു രീതി വേണം. നാട്ടുകാർ പണം തിരിച്ചടച്ചില്ലെങ്കിൽ മോശമെന്ന് കരുതണം. എന്നാൽ ഒരേസമയം മൂന്നും നാലും സംഘങ്ങളിൽ അംഗമായി പണം വാങ്ങിച്ചുകഴിഞ്ഞിട്ടുണ്ടെങ്കിൽ ഏതെങ്കിലും സംഘം കർശനമായ നിലപാടെടുത്താൽ അത് വിട്ടിട്ട് അപ്പുറത്തെ സംഘത്തിലേക്ക് പോകുന്നതിൽ യാതൊരു പ്രയാസവുമില്ല. ഇവിടെ എന്ത് നടപടി വേണമെന്നുള്ളതിനെക്കുറിച്ച് ഇതുവരെയും ഞാൻ സംസാരിച്ചിട്ടില്ല. ഇത് തെറ്റാണെന്ന് പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ എനിക്ക് തോന്നുന്നത്, കേരളത്തിലെ രാഷ്ട്രീയ പാർട്ടികൾ എന്തുചെയ്യണം; ഇങ്ങനെയുള്ള സമാന്തര സംവിധാനങ്ങൾ എങ്ങനെയാണ് കൈകാര്യം ചെയ്യേണ്ടത്; എങ്ങനെയാണ് കുടുംബശ്രീയെ സംരക്ഷിക്കേണ്ടത് എന്നതിനെക്കുറിച്ച് ഒരു സമന്വയമുണ്ടാക്കാൻ കഴിഞ്ഞാൽ നിശ്ചയമായിട്ടും അങ്ങ് പറഞ്ഞതുപോലെയുള്ള ഒരു നിലപാടിലേക്ക് പോകാവുന്നതാണ്. കേരളത്തിനകത്ത് സാമ്പത്തിക സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി ഒരു സമഗ്ര നിയമം 'കേരള പ്രൊട്ടക്ഷൻ ഓഫ് ഡെപ്പോസിറ്റേഴ്സ് ഇൻ ഫിനാൻഷ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആന്റ് റെഗുലേഷൻ ഓഫ് മണി ലെൻഡേഴ്സ്' എന്നുപേരുള്ള നിയമനിർമ്മാണം സർക്കാരിന്റെ പരിഗണനയിലാണ്.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, അങ്ങ് പറഞ്ഞത് വളരെ കാര്യമാത്ര പ്രസക്തമായതും വളരെ വിവരങ്ങൾ കിട്ടുന്ന സംഗതിയുമാണ്. പക്ഷെ ഇക്കാര്യത്തിൽ നിയമത്തിന്റെ ഉള്ളിൽ നിന്നുകൊണ്ട് പലതും അങ്ങേക്ക് ചെയ്യാൻ സാധിക്കും, ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റേയും അതുപോലെ ആഭ്യന്തര വകുപ്പിന്റേയും സംയുക്തമായ ഒരു സംരംഭം ഉണ്ടാക്കി ഇതിനെപ്പറ്റി ഒരു അന്വേഷണം നടത്താവുന്നതാണ്. കാരണം ആഴ്ചകളിലുള്ള യോഗങ്ങളുമൊക്കെ ദൂരവ്യാപകമായ രീതിയിൽ രാഷ്ട്രീയ, സാമൂഹിക, സാംസ്ക്കാരിക മണ്ഡലങ്ങളിൽ പ്രത്യാഘാതം സൃഷ്ടിക്കാൻ ഇടയാകുന്ന ഒരു പ്രശ്നമാണ്. അത് മുന്നിൽ കണ്ടുകൊണ്ട് ധനകാര്യ വകുപ്പും ആഭ്യന്തര വകുപ്പും സംയുക്തമായി ഇതിനെപ്പറ്റി ഒരു അന്വേഷണം നടത്തി വേണ്ട നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ?

ഡോ. തോമസ് ഐസക്: സർ, ഈ നിയമത്തിനുകീഴിൽ ലൈസൻസ് എടുത്തില്ലെങ്കിൽ നടപടിയെടുക്കാൻ നികുതി വകുപ്പിന് അവകാശമുണ്ട്. ലൈസൻസ് എടുക്കാത്ത ഏതെങ്കിലും സ്ഥാപനങ്ങളുണ്ടോ എന്ന് അടിയന്തരമായിട്ട് പരിശോധന നടത്താൻ വേണ്ടി ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതാണ്. രണ്ട്, അങ്ങ് പറഞ്ഞതുപോലുള്ള സ്വകാര്യ മൈക്രോ ഫൈനാൻസ് സ്ഥാപനങ്ങൾ, മറ്റ് സംഘടനകളോ സ്ഥാപനങ്ങളോ നടത്തുന്നതിനെക്കുറിച്ച് പറഞ്ഞു, സ്വകാര്യ ഇടപാടുകാർ പ്രത്യേകിച്ച് അങ്ങ് പറഞ്ഞ സ്ഥാപനം ഇവയെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് തരുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly